'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ്- ശുചിത്വ മിഷൻ- ജീവനക്കാര്യം- വിവിധ ജില്ലാ ഓഫീസുകളിൽ ഒഴിവുള്ള അസിസ്റ്റന്റ് കോ-ഓർ ഡിനേറ്റർ (ഐ.ഇ.സി/എസ്.ഡബ്ല്യൂ.എം) തസ്തികകളിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.90/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 10/01/2020

---

പരാമർശം:- 1 10.05.2013 തീയതിയിലെ 42/2013/ധന. നമ്പർ സർക്കുലർ

2 28.11.2013 തീയതിയിലെ സ.ഉ.(പി)നം. 580/2013/ധന.

3 23.06.2019-ലെ സ.ഉ.(കൈ.)നം.72/2019/ത.സ്വ.ഭ.വ.

4 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 29.11.2019 ലെ

2212/ബി/2019/എസ്.എം നം. കത്ത്.

<u>ഉത്തരവ്</u>

പരാമർശം 3 പ്രകാരം ശുചിത്വമിഷനിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി)യുടെ 14 തസ്തികകളും, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (എസ്.ഡബ്ല്യൂ.എം)-ന്റെ 14 തസ്തികകളും സൃഷ്ടിച്ചുകൊണ്ടും ടി തസ്തികകളിലേയ്ക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് അനുമതി നല്കികൊണ്ടും ഉത്തരവായിരുന്നു. ഇതിൻപ്രകാരം ശുചിത്വ മിഷന്റെ വിവിധ ജില്ലാ ഓഫീസുകളിൽ ഒഴിവുള്ള അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ(എസ്.ഡബ്ല്യൂ.എം/ഐ.ഇ.സി) തസ്തികകളിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നടത്തുന്നതിനായി ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ, പരാമർ ശം 4 പ്രകാരം സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2 ) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശ കത്തിൽ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടതിൻ പ്രകാരം താഴെ കാണുന്ന പട്ടികയിൽ ഉൾപ്പെട്ട ജീവനക്കാരെ അവരുടെ പേരിനു നേരെ ചേർത്തിട്ടുള്ള ജില്ലയിൽ ഒഴിവുള്ള അസിസ്റ്റന്റ് കോ-ഓർ ഡിനേറ്റർ (ഐ.ഇ.സി/എസ്.ഡബ്ല്യൂ.എം) തസ്തികകളിൽ അന്യത്ര സേവനവ്യവസ്ഥയിൽ, കേരള സർവ്വീസ് റൂൾസ് ഭാഗം 1 ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും അന്യത്രസേവനം സംബന്ധിച്ച് നിലവിലുള്ള മറ്റ് വ്യവസ്ഥകൾക്കും വിധേയമായി ഒരു വർഷത്തേക്ക് നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, ഉദ്യോഗപ്പേര് | ജില്ല | തസ്തിക |
|---|---|---|---|
| 1 | ശ്രീ.പ്രദീപ് പി.<br>ജൂനിയർ സൂപ്രണ്ട്, സ്റ്റേഷനറി കൺട്രോളറുടെ കാര്യാലയം, തിരുവനന്തപുരം | പാലക്കാട് | അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (എസ്.ഡബ്ല്യു.എം) |
| 2 | ശ്രീ.നാസർ ബാബു റ്റി.<br>സീനിയർ ഗ്രേഡ് പ്രിന്റർ, ഗവൺമെന്റ് പ്രസ്സ്, ഷൊർണ്ണൂർ | കോഴിക്കോട് | അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി.) |

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**നന്ദന ആർ.പി.**
**അണ്ടർ സെക്രട്ടറി**

ബന്ധപ്പെട്ട വ്യക്തികൾക്ക് (അച്ചടി വകുപ്പ്ഡയറക്ടർ/ സ്റ്റേഷനറി കൺട്രോളർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
സ്റ്റേഷനറി കൺട്രോളർ, തിരുവനന്തപുരം
അച്ചടി വകുപ്പ്ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**